**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4835** — **20-03-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള $I^{st}$ Tier, $2^{nd}$ Tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. ഇതിൽ ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗ നിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള ലാബു വഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവർത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൊതു മാരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി 3 റീജിയണൽ ലബോറട്ടറികളും 11 ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. ഇതിനുപുറമെ 3 റീജിയണൽ ഓഫീസിനു കീഴിലുള്ള എല്ലാ |

ജില്ലകളിലെയും നിർമാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ സഞ്ചരിക്കുന്ന ലാബുകളിൽ ആധുനിക പരിശോധനാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആധുനികമായ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് ഉപകരണങ്ങളായ റീബൗണ്ട് ഹാമർ, യു.പി.വി ടെസ്റ്റർ, റീബാർ ലൊക്കേറ്റർ എന്നിവ ഈ മൊബൈൽ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ റോഡിന്റെ നിർമാണത്തിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് കണ്ടെത്താനുള്ള ബിറ്റുമിൻ എക്സ്ട്രാക്ടർ. റോഡിന്റെ ഘനം കണ്ടെത്താൻ കോർ കട്ടർ, നിർമാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പു വരുത്താനുള്ള സീവ് ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കോൺക്രീറ്റിന്റെ ഗുണനിലവാരം പരിശോധിക്കാനായി അത്യാധുനികമായ 300 ടൺ ശേഷിയുള്ള കംപ്രഷൻ ടെസ്റ്റിംഗ് മെഷീൻ വാഹനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃത്യത ഉറപ്പാക്കാനായി ബാർകോഡ് സംവിധാനം കംപ്രഷൻ ടെസ്റ്റിംഗ് മെഷിനിൽ ഉൾപെടുത്തിയിട്ടുണ്ട്. കൂടാതെ ഓട്ടോമാറ്റിക്കായി സാമ്പിളുകളുടെ ഭാരവും അളവും കണക്കാക്കി സാമ്പിളിന്റെ ബലം എത്രയുണ്ട് എന്ന് കണ്ടെത്താനുള്ള ഓട്ടോമാറ്റിക് കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നു എന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജജമാണ്. ഇതിലൂടെ വെള്ളത്തിന്റെ PH, ക്ലോറൈഡ്, അയൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്ന് തന്നെ ഗുണനിലവാര പരിശോധന ഫലം നൽകാൻ ഈ മൊബൈൽ ലാബിനു കഴിയുന്ന രിതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്. ചുറ്റുപാടു കാണാൻ കഴിയുന്ന രീതിയിലുള്ള നാലു ക്യാമറ സംവിധാനവും അകത്ത് രണ്ട് ക്യാമറ സംവിധാനവും ഈ വാഹനത്തിൽ സജ്ജീകരിച്ചിരിക്കുന്നു. ഇത് കൂടാതെ പുതിയതായി കണ്ടെത്തുന്ന ആധുനികമായ ക്വാളിറ്റി ടെസ്റ്റ് ഉപകരണങ്ങൾ വരുംകാലങ്ങളിൽ ഇതിലേക്ക് കൂട്ടിച്ചേർക്കാവുന്ന രീതിയിലാണ് ഈ മൊബൈൽ ലാബിന്റെ രൂപകൽപ്പന. നിലവിൽ

| | | | |
|---|---|---|---|
| | | | ക്രമീകരിച്ചിട്ടുള്ള മൂന്ന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ കേരളത്തിന്റെ നോർത്ത്, സെൻട്രൽ, സൗത്ത് എന്നി മേഖലകളിൽ കേന്ദ്രീകരിച്ച് അതാതു റിജിയണൽ ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ കേവലം ഗുണനിലവാരം പരിശോധിക്കുന്നതിനപ്പുറം നിർമ്മാണത്തിന്റെ ഓരോ തലത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി വേണ്ട കുറവുകൾ പരിഹരിച്ചു മുൻപോട്ടു പോകുക എന്നനയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ലബോറട്ടറികൾ പ്രവർത്തിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികളിൽ ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നടത്തുകയും മതിയായ അളവുകളിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോ എന്ന് ക്വാളിറ്റി കൺട്രോൾ വിഭാഗം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആയതിൽ വ്യതിചലനം ഉണ്ടായാൽ കരാറുകാരനോട് ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു. ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ വിഭാഗങ്ങളെയും കൂടാതെ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തെയും അറിയിക്കുകയും ചെയ്ത് മാന്വൽ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിൽ ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ